# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടനിയമസഭാചോദ്യം നം 683        13.07.2012 -ൽ മറുപടിയ്ക്ക്

### എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>" എം. എ. ബേബി<br>,, എം. ഹംസ<br>,, റ്റി. വി. രാജേഷ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്ന അഭ്യസ്തവിദ്യരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി ക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിൽ 31/3/2012 - വരെ 4361607 പേർ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 2587699 സ്ത്രീകളും 1773908 പുരുഷൻമാരും ഉണ്ട്. 18 നും 36 വയസ്സിനും ഇടയിൽ പ്രായപരിധിയിലുള്ളവർ 2240808 പേരാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം 72457 ആണ്. |
| (ബി)ഇതിന് ഫലപ്രദമായ പരിഹാര നടപടി കണ്ടെത്തിയിട്ടുണ്ടോ; മുൻ വർഷം ഇക്കാര്യ ത്തിലുള്ള ലക്ഷ്യം എന്തായിരുന്നു; അത് കൈവരി ച്ചിട്ടുണ്ടോ; നടപ്പ് വർഷത്തിലെ ലക്ഷ്യം വിശദമാക്കാമോ; | (ബി) ഉണ്ട്. ഉദ്യോഗദായകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന വേക്കൻസി കൾക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ ജോലി യ്ക്കായി നാമനിർദ്ദേശം ചെയ്യുക എന്നതായിരുന്നു മുൻവർഷങ്ങളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ലക്ഷ്യം. കഴിഞ്ഞ വർഷം ഉദ്യോഗദായകർ അറിയിച്ചിട്ടുള്ള 22011 വേക്കൻസികൾക്ക് 246384 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകിയിട്ടുള്ളതിനാൽ ലക്ഷ്യം നൂറ് ശതമാനവും കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും രജിസ്റ്റർ ചെയ്ത എല്ലാവർക്കും തൊഴിലവസരങ്ങൾ നൽകുന്നതിന് സാധിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷവും ഉദ്യോഗദായകർ അറിയിക്കുന്ന എല്ലാ ഒഴിവു കളിലേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി അനുസരിച്ച് ലിസ്റ്റ് നൽകുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം അതോടൊപ്പം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും നെറ്റ് വർക്കിംഗിലൂടെ ബന്ധപ്പെടുത്തുന്നതിനുമുള്ള |

| | | |
|---|---|---|
| | | നടപടികൾ പൂർത്തിയായി വരുന്നു. രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ഒഴിവുകൾക്കുള്ള ലിസ്റ്റ് നൽകൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതാണ്. എംപ്ലോയ ബിലിറ്റി സെന്ററുകൾ വഴി സ്വകാര്യ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ കൂടി പ്രയോജനപ്പെടുത്തു ന്നതാണ്. തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വകുപ്പ് മുഖാന്തിരം സ്വയം തൊഴിൽ പദ്ധതികൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, ശില്പശാലകൾ, ഏകദിന സംരംഭകത്വ വികസന പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് തൊഴിൽ സാധ്യത ഉണ്ടാക്കികൊടുക്കുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (സി)രജിസ്റ്റർ ചെയ്യുവരുടെ വർദ്ധനവിന് ആനുപാതികമായി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർ ത്തനം കാര്യക്ഷമമല്ല എന്ന കാര്യം വിലയിരു ത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുമെന്ന നൂറുദിന പരിപാടി പ്രഖ്യാപനം നടപ്പാക്ക പ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർ വത്ക്കരണപൂർത്തീകരണം നൂറുദിന പരിപാടി യിൽ വിഭാവനം ചെയ്തിട്ടുള്ളതല്ല. കമ്പ്യൂട്ടർ വത്ക്കരണം 2012-13 സാമ്പത്തികവർഷം പൂർത്തിയാക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. |
| ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത് ക്കരിക്കുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരു ത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർ വത്ക്കരണപദ്ധതിക്കായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ (2012-2013) രണ്ടു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

(എഫ്)ഇത് വഴി എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യ മാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(എഫ്) നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് 22 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിലൂടെ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടതാകും. ഇതിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവും ആകും.

സെക്ഷൻ ഓഫീസർ